**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1203** **18-09-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷക്ഷേമ വകുപ്പിലെ ഫയൽ തീർപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ എം നൗഷാദ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പാക്കുന്ന നൈപുണ്യ വികസന പദ്ധതികളും തൊഴിലധിഷ്ഠിത പദ്ധതികളും എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അസാപ്, കെയ്സ്, ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നീ സർക്കാർ ഏജൻസികൾ മുഖേന തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനപരിപാടികൾ സംഘടിപ്പിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി ഈ സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; | (ബി) | 2025-26 സാമ്പത്തിക വർഷം അസാപ്, കെയ്സ്, ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നീ ഏജൻസികൾ മുഖേന പരിശീലനം സംഘടിപ്പിക്കുന്നതിന് 180 ലക്ഷം രൂപ 2225-04-277-94(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | 2025 ജൂലായ് 1 മുതൽ ആഗസ്റ്റ് 31 വരെ നീണ്ടുനിന്ന ഫയൽ അദാലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് എത്ര ഫയലുകൾ തീർപ്പാക്കി; ഇനിയും തീർപ്പാക്കാനുള്ള ഫയലുകളിൽ നടപടി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | 2025 ജൂലായ് 1മുതൽ ആഗസ്റ്റ് 31 വരെ നീണ്ടുനിന്ന ഫയൽ അദാലത്തിൽന്യൂനപക്ഷക്ഷേമ വകുപ്പിൽ തീർപ്പാക്കാനുണ്ടായിരുന്ന 715 ഫയലുകളിൽ 468 ഫയലുകളും (65.45%), ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിൽ തീർപ്പാക്കാനുണ്ടായിരുന്ന 3185 ഫയലുകളിൽ 2963 ഫയലുകളും തീർപ്പാക്കിയിട്ടുണ്ട് (93.03%). വകുപ്പിൽ അവശേഷിക്കുന്ന 247 ഫയലുകളും ഡയറക്ടറേറ്റിലെ 222 ഫയലുകളും തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ